കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

പ്രവചന കാലയളവ് 01.11.2025 മുതൽ 05.11.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും

ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 44/2025 (87) വെള്ളിയാഴ്ച | തീയ്യതി 31/10/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 01.11.2025 | 02.11.2025 | 03.11.2025 | 04.11.2025 | 05.11.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 0 | 0 | 0 | 0.1 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 3 | 4 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 250 | 270 | 230 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 4 | 5 | 4 | 6 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറ് പരുവം | ഗാളീച്ച | നെൽപാടങ്ങളിൽ ഗാളീച്ചയുടെ ആക്രമണം കണ്ടുവരുന്നു. നടുനാമ്പ് വെള്ളി നിറത്തിലുള്ള കുഴൽ പോലെ രൂപപ്പെടുന്നതാണ് ഇതിന്റെ ലക്ഷണം. ആക്രമണം കണ്ടുവരുന്ന പാടങ്ങളിൽ ഫിപ്രോനിൽ 0.3G ഒരു ഏക്കറിന് 6 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| വാഴ | സിഗട്ടോക്ക രോഗം | വാഴയിലെ സിഗട്ടോക്ക രോഗം തടയുന്നതിനായി നിശ്ചിത അകലത്തിൽ വാഴകൾ നടാൻ ശ്രദ്ധിക്കുക. രോഗം വന്ന ഭാഗങ്ങൾ മുറിച്ചു നശിപ്പിക്കുക. സിഗട്ടോക്ക രോഗത്തിനെതിരെ 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ച് കൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ 1 ml പ്രൊപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തെളിഞ്ഞ കാലാവസ്ഥയിൽതളിച്ച് കൊടുക്കുക. |
| വെള്ളരിവർഗ്ഗ പച്ചക്കറികൾ | മൃദുരോമപ്പൂപ്പൽ | മഴക്കാലങ്ങളിൽ വെള്ളരിവർഗ്ഗ വിളകളിൽ വരാൻ സാധ്യതയുള്ള രോഗമാണ് മൃദുരോമപ്പൂപ്പൽ. രോഗം ശ്രദ്ധയിൽപ്പെട്ടാൽ പ്രൊപിനെബ് 70 WP 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ മാങ്കോസെബ് 75 WP 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. |

മൃഗസംരക്ഷണം-: ഇടിമിന്നൽ ഏൽക്കാൻ സാധ്യത ഉള്ളതിനാൽ മൃഗങ്ങളെ തുറസ്സായ സ്ഥലങ്ങളിൽ മേയാൻ അനുവദിക്കാതിരിക്കുക. കുരലടപ്പൻ, കുളമ്പു രോഗങ്ങൾ എന്നിവക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പെടുക്കുക..